# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 406 — 04.06.2018 — ൽ മറുപടിക്ക്

## റേഷൻ കാർഡുകളിലെ കൂട്ടിച്ചേർക്കലുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. രാജു എബ്രഹാം:** | | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) കഴിഞ്ഞ 2 വർഷമായി റേഷൻ കാർഡുകളിൽ കൂട്ടിച്ചേർക്കലുകളോ കുറയ്ക്കലോ നടക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇവ നടക്കാതെ പോയത് എന്ന് വിശദമാക്കാമോ; | (എ) | നിലവിൽ റേഷൻ കാർഡ് ലഭ്യമല്ലാത്തവർക്കും റേഷൻ കാർഡ് പുതുക്കലിൽ ഫോട്ടോ എടുത്ത് പുതുക്കാൻ കഴിയാത്ത വർക്കും റേഷൻ കാർഡുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് നിലവിലുള്ള റേഷൻകാർഡുകളിൽ തിരുത്തൽ വരുത്തുക, പുതുതായി ആളുകളെ ചേർക്കുക, നിലവിലുള്ള ആളുകളെ ഒഴിവാക്കുക, മറ്റൊരു താലൂക്കിലേക്ക് റേഷൻ കാർഡ് മാറ്റുക തുടങ്ങിയ വിഷയങ്ങൾ പരിഗണിക്കുന്നതാണ്. |
| (ബി) ഇതുമൂലം ലൈഫ് മിഷൻ പദ്ധതിയിൽ വീടിനായി അപേക്ഷിച്ചിട്ടുള്ള പലർക്കും വീട് ലഭിക്കാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) ഇങ്ങനെ വീട് ലഭിക്കാതെ പോയ ലൈഫ് മിഷൻ ഗുണഭോക്താക്കളെ വീണ്ടും ഇതിൽ ഉൾപ്പെടുത്തി വീട് ലഭിക്കുന്നതിനായി അവരുടെ നിലവിലുള്ള റേഷൻകാർഡുകളിൽ മാറ്റം വരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (ബി) യും (സി) യും | ലൈഫ്മിഷൻ പദ്ധതിയിൽ വീടിനായി അപേക്ഷിക്കുമ്പോൾ ഒരു റേഷൻകാർഡിൽ ഉൾപ്പെട്ടവരെയാണ് ഒരു കുടുംബമായി പരിഗണിച്ചത്. അതുകൊണ്ട് തന്നെ കാർഡിൽ നിന്ന് പേര് വെട്ടി പുതിയ റേഷൻകാർഡ് എടുക്കാൻ കഴിയാത്തവരുടെ പല അപേക്ഷകളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിരസിച്ചിട്ടുണ്ട്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 23.05.18 ലെ ഡിബി1/374/ 18/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം റേഷൻകാർഡ് ഇല്ല എന്നതിന്റെ പേരിൽ അർഹതയുള്ള ഒരു കുടുംബത്തേയും ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് ഒഴിവാക്കരുത് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>പുതിയ റേഷൻകാർഡിനുള്ള അപേക്ഷകൾ ജൂൺ മാസത്തിൽ തന്നെ സ്വീകരിച്ച് തുടങ്ങാനും അവ താലൂക്ക് സപ്ലൈ ഓഫീസുകളിൽ നിന്ന് തന്നെ അച്ചടിച്ച് നൽകാനുമാണ് തീരുമാനിച്ചിരിക്കുന്നത്. |

*സെക്ഷൻ ഓഫീസർ*